• ഭരണഭാഷ – മാതൃഭാഷ •

# ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത്

**ചേന്ദമംഗലം – 683512 , നോർത്ത് പറവൂർ, എറണാകുളം**

✉:–*gpchendamangalam@gmail.com* ☎: **0484–2518568**

എ1- 4823419-2026 10.06.2026

## ഇ- ടെണ്ടർ നോട്ടീസ്

ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട **പ്രോജക്ട് നം. 28/2026-27 തെരുവ് വിളക്ക് പരിപാലനം - എ എം സി (അടങ്കൽ തുക - 10,00,000/-)** എന്ന പദ്ധതി പ്രകാരം 19 വാർഡുകളിലെയും എല്ലാ തെരുവ് വിളക്കുകളും ഒരു വർഷത്തേക്ക് ആവശ്യമായ റിപ്പയർ നടത്തി മുടക്കം കൂടാതെ കരാർ നിബന്ധനകൾക്ക് വിധേയമായി പ്രകാശിപ്പിക്കുന്നതിന് എ എം സി അടിസ്ഥാനത്തില് ഏറ്റെടുത്ത് നടത്തുന്നതിന് ഇലക്ട്രിക്കൽ കോൺട്രാക്ട് ബി ക്ലാസ് ലൈസൻസ് ഉള്ള അംഗീകൃത കരാറുകാരിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു.

ടെണ്ടർ ഫോം വില 500/- + 18 % GST
നിരതദ്രവ്യം - 25,000/-

ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി 24/06/2026 3 PM വരെ

<u>നിബന്ധനകള്</u>

1. തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കരാർ എടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും, ബി ക്ലാസ് ലൈസൻസും, തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും പ്രവർത്തി പരിചയവും ഉണ്ടായിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം രേഖകൾ ഹാജരാക്കേണ്ടതാണ്.
2. കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ പ്രവർത്തിയിൽ ഏർപ്പെടുന്ന ജീവനക്കാരുടെ ഇൻഷുറൻസ് പരിരക്ഷയ്ക്കായി ഏതെങ്കിലും ഒരു അംഗീകൃത ഇൻഷുറൻസ് കമ്പനിയുമായി ധാരണയിൽ എത്താവുന്നതും ലൈസൻസിനൊപ്പം ഇൻഷുറൻസ് രേഖകൾ ഹാജരാക്കേണ്ടതുമാണ്.
3. 200 രൂപ മുദ്രപത്രത്തിൽ എഴുതി തയ്യാറാക്കിയ പ്രാഥമിക കരാർ ഉള്ളടക്കം ചെയ്യേണ്ടതാണ്.
4. കരാർ ലഭിക്കുന്നവർ ആകെ കരാർ തുകയുടെ 10 % സെക്യൂരിറ്റി ഡെപ്പോസിറ്റായി അടക്കേണ്ടതാണ്.
5. തെരുവ് വിളക്കുകളുടെ സ്ഥാപിക്കലും റിപ്പയറിംഗും സംബന്ധിച്ച് സുരക്ഷ നടപടികൾ കരാറുകാരൻ തന്നെ കൈക്കൊള്ളേണ്ടതാകുന്നു
6. പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ AMC യിൽ ഉൾപ്പെടുന്നതും ഉന്നത നിലവാരമുള്ളതും മോണിറ്ററിംഗിന് വിധേയമായിരിക്കേണ്ടതുമാണ്.

7. ജോലികൾ KSEB അധികൃതരുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കേണ്ടതാണ്
8. കരാർ പ്രകാരമുള്ള ജോലി നോക്കുന്ന സമയത്ത് തൊഴിലാളികൾക്ക് ഏതെങ്കിലും വിധത്തിലുള്ള അപകടങ്ങൾ ഉണ്ടായാൽ വർക്ക് മെൻസ് കോമ്പൻസേഷൻ ആക്ട് പ്രകാരം തൊഴിലാളികൾക്ക് നഷ്ട പരിഹാരം നൽകുവാൻ പഞ്ചായത്ത് ബാധ്യസ്ഥരല്ല
9. തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി പോലെ തന്നെ ഷേഡുകൾ, എൻക്ലോഷർ ടൈമർ മെക്കാനിസം, റിലേകൾ, കൺട്രോള് സ്വിച്ചുകൾ, ഫ്യൂസുകൾ, കണക്റ്റിംഗ് വയറുകൾ, ക്ലാമ്പ്ഡ് കൺഡ്യൂട്ട്സ് തുടങ്ങി തെരുവ് വിളക്ക് സമ്പ്രദായത്തിനാവശ്യമായി വരുന്ന എല്ലാ അനുബന്ധ ഉപാധികളും കരാറുകാരന്റെ പ്രവർത്തിയിൽ ഉൾപ്പെടുന്നതാണ്.
10. നിലവിലുള്ള 9 W ബൾബുകൾക്ക് പകരം 18 W ബൾബുകൾ സ്ഥാപിക്കണം
11. ഫിലിപ്പ്സ്, ക്രോംപ്റ്റൺ, വിപ്രോ എന്നീ ബ്രാൻഡുകളുടെ 18 W ബൾബുകൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
12. കരാറുകാരൻ എല്ലാ ദിവസവും പരാതി രജിസ്റ്റർ പരിശോധിച്ച് കരാർ വ്യവസ്ഥകൾക്കനുസരിച്ച് നടപടി സ്വീകരിക്കേണ്ടതാണ്
13. കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നു എന്ന് ബോധ്യപ്പെട്ടാൽ 7 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകിയതിനു ശേഷം കരാർ റദ്ദാക്കുവാൻ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.
14. തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട ഏത് തകരാറുകൾക്കും അപകടങ്ങള്ക്കും പഞ്ചായത്തിന് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.
15. പഞ്ചായത്ത് രാജ് ചട്ടങ്ങളും പ്രൊക്യുർമെൻറ് മാനുവലും ബാധകമായിരിക്കുന്നതാണ്.
16. ദർഘാസുകൾ തുറന്ന് പരിശോധിക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം ദർഘാസുകൾ തുറന്ന് പരിശോധിക്കുന്നതാണ്
17. ടെണ്ടറുകൾ സംബന്ധിച്ച് എല്ലാ വ്യവസ്ഥകളും ഇ ടെണ്ടറിന് ബാധകമാണ്.
18. എല്ലാ നികുതികളും ഉൾപ്പെടെയുള്ള നിരക്കാണ് ക്വോട്ട് ചെയ്യേണ്ടത്.
19. ഏതൊരു ദർഘാസും സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം പഞ്ചായത്ത് ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കും

CHENDAMANGALAM GRAMA PANCHAYAT * CHENDAMANGALAM P.O. *

10/06/2026

വി. ജി. ഗോപകുമാർ (പെൻ: 696676)
സെക്രട്ടറി ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്
ചേന്ദമംഗലം പി.ഒ., എറണാകുളം ജില്ല-683512
മൊബൈൽ - 9496045703